9. കെ.എസ്.ആർ.ടി.സി. ബസുകൾ ഉൾപ്പെട്ടുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ആക്സിഡന്റ് കൺട്രോൾ & മോണിറ്ററിംഗ് സെല്ലിന് രൂപം നൽകി

10. കോർപ്പറേഷന്റെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി അന്തർദേശീയ നിലവാരമുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു.

(ബി) ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ യാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വോൾവോ എ.സി., എ.സി. സൂപ്പർ ഡീലക്സ് എയർ ബസ് എന്നിവ നിരത്തിലിറക്കിയിട്ടുണ്ട്. വിനോദയാത്രക്കും മറ്റും ഉപകാരപ്രദമാകുന്ന രീതിയിൽ നഗരങ്ങളിൽ ഡബിൾ ഡക്കർ ബസുകൾ അനുവദിക്കുന്നതിനും വെസ്റ്റിബ്യൂൾ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 220 സർവ്വീസുകൾക്ക് ഓൺലൈൻ റിസർവേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൂടുതൽ സർവ്വീസുകൾക്ക് ഈ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സാധാരണ 12 മീറ്റർ നീളമുള്ള ബസുകളാണ് കേരളത്തിൽ മുഖ്യമായും സർവ്വീസ് നടത്തുന്നത്. എന്നാൽ ബി.എസ്-3 ലൈലാന്റ് എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട വെസ്റ്റിബ്യൂൾ ബസിന് 16 മീറ്റർ നീളമാണുള്ളത്. ടി ബസ്സിന്റെ റിയർ വീലുകളും ഡ്രൈവർക്ക് നിയന്ത്രിക്കാൻ കഴിയുന്നതാണ്. റിയർ വീലുകളും ഫ്രണ്ട് വീലുകളുടെ ട്രാക്ക് പിന്തുടർന്നു പോകുന്നതിനാൽ ട്രെയിലർ ബസുകളെ അപേക്ഷിച്ച് അപകട സാധ്യത കുറവാണ്. 57 സീറ്റിന് പുറമേ 50% യാത്രക്കാർക്ക് കൂടി നിന്ന് യാത്ര ചെയ്യാവുന്ന തരത്തിലാണ് വെസ്റ്റിബ്യൂൾ ബസ് രൂപകല്പന ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്

11 (*221) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എന്നുമുതൽ ഇത്തരത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നിലവിൽ വരുമെന്ന് അറിയിക്കുമോ ;

(സി) സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായത്തിലൂടെ പൊതുമരാമത്ത് വകുപ്പിലെ ഏതൊക്കെ പ്രവൃത്തികളാണ് പരിശോധനയ്ക്ക് വിധേയമാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിലൂടെ ഏതൊക്കെ പരിശോധനകൾ ഏതൊക്കെ രീതിയിൽ നടത്തുമെന്ന് അറിയിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള എല്ലാ പൊതുമരാമത്തു ജോലികളെക്കുറിച്ചും ഇത്തരത്തിൽ സോഷ്യൽ ഓഡിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ-സി) പൊതുമരാമത്ത് വകുപ്പിലെ നിരത്തുകളും പാലങ്ങളും വിഭാഗത്തിനും ദേശീയപാതാ വിഭാഗത്തിനും കീഴിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും മോണിറ്ററിംഗ് നടത്തുവാൻ 3-1-2011-ൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനവും കൊല്ലം നിയോജകമണ്ഡലത്തിലെ സോഷ്യൽ ഓഡിറ്റിംഗും 31-1-2011-ൽ കൊല്ലത്തുവച്ച് നടത്തി.

(ഡി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർമാരും ടിയാളുടെ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ വിവരങ്ങളും നടന്നുവരുന്ന നിർമ്മാണ പ്രവർത്തനം/അറ്റകുറ്റപ്പണികൾ എന്നിവയുടെ വിവരങ്ങളും പ്രത്യേകം പ്രൊഫോർമയിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട കരാറുകാരും /തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്/ചെയർപേഴ്സൺ, സ്ഥലം എം.എൽ.എ. എന്നിവരുടെ ഒപ്പോടുകൂടി ചീഫ് എഞ്ചിനീയർക്കും പകർപ്പ് മന്ത്രിക്കും സമർപ്പിക്കേണ്ടതാണ്.

(ഇ) പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ പ്രവർത്തികളും ഘട്ടംഘട്ടമായി സോഷ്യൽ ഓഡിറ്റിംഗിനു വിധേയമാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

നഗര ജലവിതരണ പദ്ധതികൾ

12 (*222) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാലമായി പണി നടന്നുവരുന്ന ഏതൊക്കെ നഗരജലവിതരണ പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണമാണ് ഈ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി സമയബന്ധിതമായ നടപടിക്രമത്തിന് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly